KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.146/PR/PIC/PHQ/14 Date : 01.07.2014

## ആലപ്പുഴ ജില്ലയിൽ ആന്റിപൈറസി റെയ്ഡ്: ഒരാൾ അറസ്റ്റിൽ

ആന്റി പൈറസി സെൽ പോലീസ് ഉദ്യോഗസ്ഥർ ആലപ്പുഴ ജില്ലയിൽ നടത്തിയ വ്യാജ സി.ഡി റെയ്ഡിൽ ഒരാൾ പിടിയിലായി. ബീമാപള്ളിയിൽ നിന്നും വ്യാജ സിഡികൾ വാങ്ങി ആലപ്പുഴ ജില്ലയിൽ വിതരണം നടത്തുന്ന ഏജന്റ് ആലപ്പുഴ, മണ്ണൻചേരി, പൊതുനിലം നികർപ്പിൽ വീട്ടിൽ നിസ്സാറാണ് അറസ്റ്റിലായത്. മലയാള സിനിമകളായ ***"ഓം ശാന്തി ഓശാന"***, ***"ദൃശ്യം"***, ***"ലണ്ടൻബ്രിഡ്ജ്"***, ***"1983"***, ***"ബാല്യകാലസഖി" "ലോ പോയിന്റ് "***തുടങ്ങിയ സിനിമകളുടെ സി.ഡി ഉൾപ്പെടെ മുന്നുറോളം വ്യാജ സി.ഡികളും നുറോളം അശ്ലില സി.ഡികളും ഇയാളിൽ നിന്നും പിടിച്ചെടുത്തു. പ്രതിയേയും പിടിച്ചെടുത്ത വ്യാജ സി.ഡികളും ആലപ്പുഴ നോർത്ത് പോലീസിന് കൈമാറി.

ആന്റി പൈറസി സെൽ പോലീസ് സുപ്രണ്ട് ബി. വർഗ്ഗീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി പോലീസ് സുപ്രണ്ട് എസ്.റഫീക്ക്, സി.ഐ ഡി.കെ.പൃഥിരാജ്, എ.എസ്.ഐമാരായ വിഷ്ണു പ്രസാദ്, അസ്സീം, സി.പി.ഒ മാരായ രാജേഷ്, ഷാൻ എന്നിവരും റെയ്ഡിൽ പങ്കെടുത്തു.

*****************